(സി) എങ്കിൽ അതിന്റെ ഫലം എന്തെന്നു പറയുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ, ബി) ഈ പ്രശ്നത്തെപ്പറ്റി റിസർവ്വ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഇൻഡ്യൻ വ്യവസായ വികസന ബാങ്കിന്റെ പ്രതിനിധികളുംമറ്റുമായി കഴിഞ്ഞ ജൂലൈ 16-ാം തീയതി മദ്രാസിൽവെച്ചു ചർച്ച നടന്നതായറിയാം. ആ ചർച്ചകളുടെ തീരുമാനത്തെപ്പറ്റി ഗവണ്മെന്റിനു് അറിവില്ല. വിവരം അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ടൂറിസം വികസനം

* 124. [432] ശ്രീ. എം. കെ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനാർത്ഥം ഏതൊക്കെ പുതിയ സ്ഥലങ്ങളിൽ ടൂറിസ്റ്റു് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) കുമരകം ടൂറിസ്റ്റു് കേന്ദ്രമാക്കണമെന്നുള്ള ഗവണ്മെന്റിന്റെ മുൻ തീരുമാനം അനുസരിച്ചു് അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) നാലാം പഞ്ചവത്സര പദ്ധതിക്കാലത്തു് പുതിയതായി എഴുമല, കുമരകം, പൊന്മുടി, തിരുമുല്ലവാരം, പാലരുവി എന്നീ സ്ഥലങ്ങൾ ടൂറിസ്റ്റു് കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) കുമരകത്തു് ടൂറിസ്റ്റുകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി അവിടെയുള്ള കോവനാട്ടുകര എസ്റ്റേറ്റു് വിലയ്ക്കു വാങ്ങുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

കേരളത്തിൽ സ്റ്റീൽ പ്ലാന്റു്

* 125. [434] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഒരു സ്റ്റീൽ പ്ലാന്റു് സ്ഥാപിക്കുവാൻ ഒരു പ്രോജക്റ്റു് റിപ്പോർട്ടുണ്ടാക്കിത്തരുവാനും പ്രസ്തുത പ്ലാന്റു് ഇവിടെ സ്ഥാപിക്കാനും വിദേശരാജ്യമായ റുമേനിയാ സമ്മതിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനു് ആ രാജ്യം ഉന്നയിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) റുമേനിയ ഉന്നയിച്ചിട്ടുള്ള വ്യവസ്ഥകളെക്കാൾ ആദായകരവും സ്വീകാര്യവുമായ വല്ല നിർദ്ദേശങ്ങളും മറ്റു രാജ്യങ്ങളിൽനിന്നു ലഭിച്ചിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly